## സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി

98 (1175) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നല്കാനുള്ള തീരുമാനം എന്നുമുതലാണ് നിലവിൽ വന്നത്;

(ബി) ഏതെല്ലാം മാനേജ്മെന്റുകൾക്ക് കീഴിലുള്ള എത്ര സ്കൂളുകൾക്കാണ് പുതുതായി എയ്ഡഡ് പദവി നല്കിയിരിക്കുന്നത്;

(സി) എയ്ഡഡ് പദവി നല്കിയ സ്പെഷ്യൽ സ്കൂളുകളിൽ എത്ര അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാൻ തീരുമാനിച്ചിട്ടുണ്ട്; അംഗീകരിച്ച സ്പെഷ്യൽ സ്കൂളുകൾക്കായി പ്രതിവർഷം എത്ര തുക ചെലവഴിക്കേണ്ടി വരും;

(ഡി) സ്പെഷ്യൽ സ്കൂൾ അദ്ധ്യാപക നിയമനം പി.എസ്.സി.-യുടെ നിലവിലുള്ള റാങ്ക് ലിസ്റ്റുകളിൽ നിന്നായിരിക്കുമോ; ഇതിനായി റാങ്ക് ലിസ്റ്റ് തയ്യാറാക്കാൻ പി.എസ്.സി.-യോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്ത് അന്ധ, ബധിര വിദ്യാർത്ഥികളെ പഠിപ്പിക്കുന്ന സ്പെഷ്യൽ സ്കൂളുകൾ എയ്ഡഡ് മേഖലയിൽ ഇതിനോടകം നിലവിലുണ്ട്. ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി എയ്ഡഡ് പദവി നൽകുന്നതിന് തത്വത്തിൽ അനുമതി നൽകി 28-4-2014-ലെ സ.ഉ.(പി) 69/14/പൊ.വി.വ. പ്രകാരം ഉത്തരവായിരുന്നു. വ്യവസ്ഥകൾക്ക് വിധേയമായി എയ്ഡഡ് പദവി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ അംഗീകരിച്ച് 15-5-2015-ലെ സ.ഉ.(എം.എസ്)115/2015/പൊ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന 50 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് കൂടി എയ്ഡഡ് പദവി നൽകുന്നതിന് തത്വത്തിൽ അനുമതി നൽകിയും ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിച്ചുകൊണ്ട് വിശദമായ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയും 15-5-2015-ലെ സ.ഉ (എംഎസ്.) 116/2015/പൊ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്ന എയ്ഡഡ് പദവി നൽകേണ്ട മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന സ്പെഷ്യൽ സ്കൂളുകളുടെ അന്തിമ ലിസ്റ്റ് ആയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതിനുള്ള മാനദണ്ഡങ്ങളാണ് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. ആയത് പാലിക്കുന്ന സ്പെഷ്യൽ സ്കൂളുകളുടെ അന്തിമ ലിസ്റ്റ് പൂർത്തീകരിച്ച് ലഭ്യമാകാത്തതിനാൽ അധിക തസ്തികകൾ സംബന്ധിച്ചോ സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാധ്യത സംബന്ധിച്ചോ കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ല.

(ഡി) മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന എയ്ഡഡ് മേഖലയിലെ സ്പെഷ്യൽ സ്കൂളുകളിലെ അദ്ധ്യാപക നിയമനം പി.എസ്.സി. മുഖാന്തിരമായിരിക്കില്ല. ഇതിനായി സർക്കാർ പ്രതിനിധികൾ ഉൾപ്പെടുന്ന പ്രത്യേക സെലക്ഷൻ കമ്മിറ്റിയുടെ ഘടന രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

## കാസർഗോഡ് കൊടക്കാട് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ഹയർ സെക്കണ്ടറി കോഴ്സ്

99 (T*1176) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കൊടക്കാട് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ഹയർ സെക്കണ്ടറി കോഴ്സ് അനുവദിക്കുന്നതിന് വകുപ്പ് തലത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; ഇവിടെ നിന്നും പഠനം പൂർത്തീകരിക്കുന്ന കുട്ടികൾക്ക് പ്ലസ് ടു പഠനത്തിന് മറ്റ് സ്ഥാപനങ്ങളെ ആശ്രയിക്കേണ്ട അവസ്ഥ ഒഴിവാക്കി പ്ലസ് ടു കോഴ്സ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

പുതിയ ഹയർ സെക്കണ്ടറി സ്കൂളുകളോ, അധിക ഹയർ സെക്കന്ററി ബാച്ചുകളോ അനുവദിക്കുന്ന കാര്യം വിവിധ കോടതി വിധികളുടെ വെളിച്ചത്തിൽ സർക്കാർ നയപരമായ തീരുമാനമെടുക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## സർക്കാർ ഏറ്റെടുത്ത മാനേജ്മെന്റ് സ്കൂളുകൾ

100 (1177) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര മാനേജ്മെന്റ് സ്കൂളുകൾ സർക്കാർ ഏറ്റെടുക്കുകയുണ്ടായി; ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly